**ധനകാര്യം**

## 2019 -2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 07.02.2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXII | നഗരവികസനം | 656,97,42,000 | 58,33,66,000 | 1313,94,83,000 | 116,67,34,000 | 1430,62,17,000 |
| XXXV | പഞ്ചായത്ത് | 203,75,40,000 | 199,03,34,000 | 407,50,80,000 | 398,06,67,000 | 805,57,47,000 |
| XXXVI | ഗ്രാമവികസനം | 1363,05,96,000 | 458,87,33,000 | 2726,11,92,000 | 917,74,67,000 | 3643,86,59,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ....(ബഹളം)......

മി. സ്പീക്കർ: അന്വേഷണത്തിലിരിക്കുന്നൊരു കേസിന്റെ സെക്ഷൻ എന്താണെന്ന് തീരുമാനിക്കുന്നത് പ്രായോഗികമായൊരു കാര്യമല്ല. ദയവായി സീറ്റിൽ പോകണം.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

(ചർച്ച ഇല്ല.)

മി. സ്പീക്കർ: നഗരവികസനം എന്ന XXII-ാം ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.37-ന് പിരിഞ്ഞു.)